മാതൃഭൂമി
Mathrubhumi Online

Monday, 31st December 2007
www.Mathrubhumi.com

## പുത്തൻകുരിശ് അഖില മലങ്കര സുവിശേഷ യോഗം

# ദൈവത്തെ അനുഭവിക്കുമ്പോഴാണ് സന്തോഷമുളളവാകുന്നത് - മാർ അപ്രേം

കോലഞ്ചേരി: മനുഷ്യൻ ദൈവത്തെ അനുഭവിക്കുമ്പോഴാണ് സന്തോഷമുള്ളവനായിത്തീരുന്നതെന്ന് മാത്യൂസ് മാർ അപ്രേം മെത്രാപ്പോലീത്ത പറഞ്ഞു. പുത്തൻകുരിശ് പാത്രിയാർക്കാ സെൻററിൽ നടന്നുവരുന്ന അഖില മലങ്കര സുവിശേഷയോഗത്തിൽ ഞായറാഴ്ച വൈകിട്ട് അധ്യക്ഷപ്രസംഗം നടത്തുകയായിരുന്നു മെത്രാപ്പോലീത്ത.

ദൈവത്തെ അടുത്തറിയുമ്പോഠം അവനവൻെറ രക്ഷയെ അടുത്തറിയുന്നു. ക്രിസ്തുവിലായിരിക്കുന്നവനു മാത്രമേ രക്ഷയിലേക്ക് വളരുവാനാകൂ. വിതയ്ക്കുവാൻ ഒരു കാലം, കൊയ്യുവാനൊരു കാലം, എല്ലാത്തിനും ഒരു സമയമുണ്ട്. എന്നാൽ, മരണം എപ്പോഴാണ് വിളിക്കുക എന്നറിയില്ലാത്ത സാഹചര്യത്തിൽ ഒന്നും നാളേയ്ക്ക് വക്കരുതെന്നും മെത്രാപ്പോലീത്ത ഓർമിപ്പിച്ചു.

ശ്രേഷ്ഠകാതോലിക്ക ബസേലിയോസ് തോമസ് പ്രഥമൻ ബാവയുടെ സാന്നിധ്യത്തിൽ നടന്ന ചടങ്ങിൽ ശ്രേഷ്ഠബാവയുടെ പൗരോഹിത്യ സുവർണജൂബിലി സ്മാരകമായി തുടങ്ങിയ സണ്ഡേസ്കൂഠം വെബ്സൈറ്റ് ഡോ.എബ്രഹാം മാർ സേവേറിയോസ് മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ മെത്രാപ്പോലീത്തമാരായ ജോസഫ് മോർ ഗ്രിഗോറിയോസ്, കുര്യാക്കോസ് മോർ തെയോഫിലോസ്, ഡോ.ആൽബർട്ട് റൗഫ്, വി.സി.വർഗീസ് കോർ എപ്പിസ്കോപ്പ എന്നിവർ സംബന്ധിച്ചു. ഡോ.അലക്സാണ്ടർ ജേക്കബ് സുവിശേഷപ്രസംഗവും നടത്തി.

സമാപന ദിവസമായ തിങ്കളാഴ്ച വൈകിട്ട് 5.30ന് സന്ധ്യാപ്രാർഥന, 6.15ന് യൂഹാനോൻ മാർ മിലിത്തിയോസ് മെത്രാപ്പോലീത്തയുടെ അധ്യക്ഷതയിൽ

ഗീവർഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത പ്രഭാഷണം നടത്തും. ശ്രേഷ്ഠബാവ അനുഗ്രഹ പ്രഭാഷണവും മോർ പീലക്സിനോസ് മത്തിയാസ് തയിസ് മെത്രാപ്പോലീത്ത പുതുവത്സര സന്ദേശവും നല്കും. തുടർന്ന് സ്നേഹവിരുന്നും ഉണ്ടാകും.

പുത്തൻകുരിശ് പാത്രിയർക്കാ സെൻററിൽ നടന്നുവരുന്ന അഖില മലങ്കര സുവിശേഷ യോഗത്തിൽ മാത്യൂസ് മാർ അപ്രേം മെത്രാപ്പോലീത്ത അധ്യക്ഷപ്രസംഗം നടത്തുന്നു

http://www.mathrubhumi.com/php/newsFrm.php?news_id=12371007&n_type=RE&category_id=4&Farc=